2025 MARCH
26
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കേരളത്തിൽ 77 പൊതുമേഖല സ്ഥാപനങ്ങൾ നഷ്ടത്തിൽ, പൂർണമായി തകർന്നത് 44; നഷ്ടം 18,026 കോടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ 77 പൊതുമേഖല സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നു സിഎജി (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ) റിപ്പോർട്ട്. 18,026.49 കോടി രൂപയാണ് ഇവയുടെ ആകെ നഷ്ടം. ഇതിൽ 44 സ്ഥാപനങ്ങൾ പൂർണമായി തകർന്നു. 18 പൊതുമേഖലാ സ്ഥാപനങ്ങൾ 1986 മുതൽ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നും ഇവ അടച്ചുപൂട്ടാനുള്ള നടപടി ഊർജിതമാക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

കെഎസ്ആർടിസി വർഷങ്ങളായി ഓഡിറ്റിനു രേഖകൾ ഹാജരാക്കുന്നില്ലെന്നും സിഎജി കുറ്റപ്പെടുത്തി. കെഎംഎംഎല്ലിൽ ടെൻഡർ വിളിക്കാതെ അസംസ്കൃത സാധനങ്ങൾ വാങ്ങുക വഴി 23.17 കോടിയുടെ നഷ്ടമുണ്ടായെന്നും റിപ്പോർട്ടിൽ പറയുന്നു.



## യാക്കോബായ സഭയ്ക്ക് പുതിയ നാഥൻ; ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവാ അഭിഷിക്തനായി

**ബെയ്റൂട്ട്:** പൗരാണിക വിശ്വാസാചാരങ്ങളുടെ തനിമയോടെ, പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചല വിശ്വാസ പ്രഖ്യാപനമായി മാറിയ ചടങ്ങിൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായായി മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോറിയോസിനെ ആഗോള സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ വാഴിച്ചു. യാക്കോബായ സുറിയാനി സഭയുടെ ഉന്നത സ്ഥാനത്തേക്കുയർത്തപ്പെട്ട അദ്ദേഹം, ഇനി ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവാ എന്ന നാമധേയത്തിൽ അറിയപ്പെടും. ലെബനന്റെ തലസ്ഥാനമായ ബെയ്റൂട്ടിൽ നിന്ന് 20 കിലോമീറ്റർ അകലെ അച്ചാനെയിലെ പാത്രിയർക്കാ അരമനയോടു ചേർന്നുള്ള സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കാ കത്തീഡ്രലിൽ പ്രാദേശിക സമയം വൈകിട്ട് 5ന് (ഇന്ത്യൻ സമയം രാത്രി 8.30) ആണ് സ്ഥാനാരോഹണ ചടങ്ങുകൾ ആരംഭിച്ചത്. ആഗോള സിറിയൻ ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തമാരുടെയും വൈദികരുടെയും പള്ളി പ്രതിനിധികളുടെയും സാന്നിധ്യത്തിൽ നടന്ന ശുശ്രൂഷകൾ രണ്ടു മണിക്കൂർ നീണ്ടു.

# അണക്കെട്ടുകൾക്കും ജലസംഭരണികൾക്കും ബഫർസോൺ: ഉത്തരവ് പിൻവലിച്ച് സർക്കാർ

**തിരുവനന്തപുരം:** സംസ്ഥാനത്തെ അണക്കെട്ടുകൾക്കും ജലസംഭരണികൾക്കും ബഫർസോൺ ഏർപ്പെടുത്തി 2024 ഡിസംബർ 26ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കുമെന്നും ജനങ്ങളുടെ ആശങ്ക അകറ്റുന്ന തരത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കുമെന്നും ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ. പ്രഖ്യാപനം ജനങ്ങൾക്കിടയിൽ ആശങ്കയ്ക്കിടയാക്കിയെന്ന തിരിച്ചറിവിൽ സർക്കാർ വിഷയം ചർച്ച ചെയ്തുവെന്നും ഇപ്പോഴത്തെ ഉത്തരവ് അന്തിമമായി പരിഗണിക്കേണ്ടതില്ലെന്നും മന്ത്രി പറഞ്ഞു. മോൻസ് ജോസഫ് എംഎൽഎ അവതരിപ്പിച്ച അടിയന്തരപ്രമേയ നോട്ടിസിനു മറുപടി പറയുകയായിരുന്നു മന്ത്രി.

ബഫർ സോൺ ഉത്തരവ് വന്നതിനു പിന്നാലെ എൻഒസിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണെന്നു മോൻസ് ജോസഫ് പറഞ്ഞു. ഉത്തരവ് അടിയന്തരമായി മരവിപ്പിക്കണമെന്നും മോൻസ് ജോസഫ് ആവശ്യപ്പെട്ടു. വിഷയം ഏറെ ഗൗരവമുള്ളതാണെന്നും ഉത്തരവ് പിൻവലിക്കണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. ഇതോടെ യാതൊരു ആശയക്കുഴപ്പത്തിന്റെയും ആവശ്യമില്ലെന്നും ഉത്തരവ് റദ്ദാക്കുമെന്നും മന്ത്രി റോഷി അഗസ്റ്റിൻ ഉറപ്പു നൽകി.

കേരളത്തിലെ അണക്കെട്ടുകൾക്കും ജലസംഭരണികൾക്കും ബഫർസോൺ പ്രഖ്യാപിച്ചതോടെ ജനവാസ മേഖലയിൽ 7732.38 ഏക്കർ നിരോധിത മേഖലയും 38,661.92 ഏക്കർ നിയന്ത്രിത മേഖലയുമായതാണ് ആശങ്കയ്ക്കിടയാക്കിയത്.

അണക്കെട്ടിൽ പരമാവധി റിസർവോയർ ലെവലിൽ വെള്ളം ഉയരുമ്പോൾ അവിടെനിന്നാണു ബഫർസോൺ ദൂരം കണക്കാക്കുന്നത് എന്നതിനാൽ നിരോധനവും നിയന്ത്രണവും പ്രാബല്യത്തിൽ വരുമ്പോൾ ഈ കണക്ക് ഉയരാം. അണക്കെട്ടുകളിൽ ഫുൾ റിസർവോയർ ലെവലിൽ വെള്ളം ഉയരുന്നത് അടിസ്ഥാനമാക്കിയാണ് 20 മീറ്റർ വരെ, 20 മുതൽ 120 മീറ്റർ വരെ എന്നിങ്ങനെ 1, 2 സോണുകളാക്കി നിയന്ത്രണം ഏർപ്പെടുത്തിയത്.

സോൺ ഒന്നിൽ ഒരു നിർമാണവും അനുവദിക്കില്ല. സോൺ 2 ൽ 10 മീറ്ററിൽ താഴെയുള്ള നിർമാണം അനുവദിക്കുമെന്നു പറയുമ്പോൾ തന്നെ അത് ജലസേചന വകുപ്പ് എക്സിക്യൂട്ടിവ് എൻജിനീയറുടെ വിവേചനാധികാരത്തിലാക്കി.

എക്സിക്യൂട്ടിവ് എൻജിനീയറുടെ തീരുമാനത്തിൽ സൂപ്രണ്ടിങ് എൻജിനീയറും സൂപ്രണ്ടിങ് എൻജിനീയറുടെ തീരുമാനത്തിൽ സർക്കാരിലും അപ്പീൽ നൽകാം. സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

## നേട്ടം കൊയ്ത് ബാങ്കുകൾ

**കൊച്ചി:** നടപ്പുവർഷം ആദ്യ ഒൻപത് മാസക്കാലയളവിൽ 1.29 ലക്ഷം കോടി രൂപയുടെ അറ്റാദായവുമായി കേന്ദ്ര പൊതുമേഖലാ ബാങ്കുകൾ ചരിത്ര മുന്നേറ്റം തുടരുന്നു. രാജ്യത്തെ 12 പൊതുമേഖല ബാങ്കുകളുടെ മൊത്തം അറ്റാദായം നടപ്പുസാമ്പത്തിക വർഷം ഒന്നര ലക്ഷം കോടി കവിഞ്ഞ് റെക്കോഡിടുമെന്നാണ് വിലയിരുത്തുന്നത്. ഇക്കാലയളവിൽ ബാങ്കുകളുടെ അറ്റ നിഷ്ക്രിയ ആസ്തി 0.59 ശതമാനമായും കുറഞ്ഞു.

നാണയപ്പെരുപ്പം നേരിടാൻ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് ഉയർത്തിയതോടെയാണ് ബാങ്കുകളുടെ വരുമാനവും ലാഭവും ഗണ്യമായി വർധിച്ചത്. ഇതോടൊപ്പം സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പ്രവർത്തന ചെലവ് കുറച്ചതും വായ്പാ വിതരണം കാര്യക്ഷമമാക്കിയതും ഗുണമായി.

2018ൽ പൊതുമേഖലാ ബാങ്കുകൾ കനത്ത നഷ്ടത്തിലേക്ക് മൂക്കുകുത്തിയതോടെ കേന്ദ്ര സർക്കാർ മാനെജ്മെൻറും ഡയറക്റ്റർ ബോർഡും പ്രൊഫഷണലൈസ് ചെയ്തതോടെ സ്വകാര്യ മേഖലയുമായുള്ള മത്സരം ശക്തമായതും പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ സഹായിച്ചു.

റിസർവ് ബാങ്ക് മേൽനോട്ടവും ഇടപെടലുകളും ശക്തമാക്കിയതോടെയാണ് കിട്ടാക്കടങ്ങൾ തിരിച്ചുപിടിക്കാനുള്ള നടപടികൾ ഊർജിതമാക്കിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 12 പൊതുമേഖലാ ബാങ്കുകളുടെ അറ്റാദായം 1.41 ലക്ഷം കോടി രൂപയായതാണ് ലാഭവിഹിതവും കൂട്ടിയത്. മുൻവർഷമിത് 1.05 ലക്ഷം കോടി രൂപയായിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ ബാങ്കുകൾ ഓഹരി ഉടമകൾക്ക് 33% അധിക ലാഭവിഹിതമാണ് നൽകിയത്. മൊത്തം 27,830 കോടി രൂപ ഇക്കാലയളവിൽ ലാഭവിഹിതമായി നൽകി. മുൻവർഷം ഓഹരി ഉടമകളുടെ ലാഭവിഹിതം 20,964 കോടി രൂപയായിരുന്നു. മൊത്തം ലാഭവിഹിതത്തിൻറെ 65% തുകയായ 18,013 കോടി രൂപ ഭൂരിപക്ഷ ഓഹരി ഉടമയായ കേന്ദ്ര സർക്കാരിനാണ് ലഭിച്ചത്.






# അമൃതയിൽ ത്രിദിന മാധ്യമ പഠന ഗവേഷണ ശിൽപ്പശാല

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൽ ത്രിദിന അന്താരാഷ്ട്ര മാധ്യമ പഠന ഗവേഷണ ശിൽപ്പശാല ആരംഭിച്ചു. മുൻ ഡിജിപിയും കെഎംആർഎൽ എംഡിയുമായ ലോക്നാഥ് ബെഹ്റ ഐപിഎസ് ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. മാധ്യമങ്ങൾ നിഷ്പക്ഷമായി പ്രവർത്തിക്കണമെന്നും വാർത്തകൾ തയ്യാറാക്കേണ്ടത് വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ചടങ്ങിലെ വിശിഷ്ടാതിഥിയായ സംസ്ഥാന പ്ലാനിംഗ് ബോർഡ് കൃഷി വകുപ്പ് മേധാവി നാഗേഷ് എസ്. എസ്. ഓൺലൈനായി പങ്കെടുത്തു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. നമ്മൾ കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങൾ വ്യക്തിത്വ വികസനത്തിന് വലിയ പങ്കുവഹിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കൊച്ചി ബ്രഹ്മസ്ഥാനം ക്യാമ്പസിൽ നടന്ന ചടങ്ങിൽ ക്യാമ്പസ് ഡയറക്ടറും ഡീനുമായ ഡോ. യു കൃഷ്ണകുമാർ , അമൃത വിശ്വ വിദ്യാപീഠം വിഷ്വൽ മീഡിയ വിഭാഗം മേധാവി ഡോ. ഡി. ഹരികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. വ്യാഴാഴ്ച വരെ നടക്കുന്ന ശിൽപ്പശാലയുടെ ഭാഗമായി കലാ സാംസ്കാരിക വ്യവസായ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്.

# ബ്ലാസ്റ്റേഴ്സിന് ഇനി സ്പാനിഷ് കരുത്ത്; ഡേവിഡ് കറ്റാല പുതിയ പരിശീലകൻ

**കൊച്ചി;** കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിയ്ക്ക് ഇനി സ്പാനിഷ് കരുത്ത്. ടീമിന്റെ പുതിയ പരിശീലനകനായി ഡേവിഡ് കറ്റാലയെ നിയമിച്ചു. യുറോപ്യൻ ഫുട്ബോളിൽ ദീർഘകാല അനുഭവ സമ്പത്തുള്ള സ്പാനിഷ് ഫുട്ബോൾ താരമായിരുന്ന ഡേവിഡ് കറ്റാലയെ ഒരു വർഷത്തേക്കാണ് നിയമിച്ചിരിക്കുന്നത് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി മാനേജ്മെന്റ് അറിയിച്ചു. സ്പെയിനിലെ മുൻ പ്രതിരോധനിരതാരമായ ഡേവിഡ് കറ്റാല സ്പെയിനിലും സൈപ്രസിലുമായി 500 ലധികം മൽസരങ്ങളിലാണ് ബൂട്ടണിഞ്ഞിട്ടുള്ളത്. സൈപ്രിയോട്ട് ഫസ്റ്റ് ഡിവിഷൻ ലീഗിൽ എഇകെ ലാർനക, അപ്പോളോ ലിമാസ്സോൾ എന്നീ ക്ലബുകളിലും ക്രൊയേഷ്യൻ ഫ്സ്റ്റ് ഫുട്ബോൾ ലീഗിൽ എൻകെ ഇസ്ത്ര 1961, പ്രൈമേര ഫെഡറേഷനിൽ സിഇ സബാഡെൽ എന്നിവിടങ്ങളിലായിരുന്നു കറ്റാലയുടെ കോച്ചിംഗ് കരിയർ. കേരള ബാസ്റ്റേഴ്സിന്റെ പരിശീലകനായി മാറാൻ കഴിയുന്നതിൽ അതീവ സന്തോഷമുണ്ടെന്ന് ഡേവിഡ് കറ്റാല പറഞ്ഞു. നിശ്ചയദാർഢ്യവും, സമ്മർദ സാഹചര്യങ്ങളെ അതിജീവിക്കുവാൻ സാധിക്കുകയും ചെയ്യുന്ന ഒരാൾക്ക് മാത്രമേ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയെപ്പോലുള്ള ഒരു ക്ലബിനെ മുന്നിൽ നിന്ന് നയിക്കുവാൻ സാധിക്കുകയുള്ളൂ. ഡേവിഡ് കറ്റാലയ്ക്ക് അത് സാധ്യമാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ക്ലബിനെ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കുവാൻ അദ്ദേഹത്തിനാകും കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സിഇഒ അഭിക് ചാറ്റർജി പറഞ്ഞു. ഡേവിഡ് കറ്റാല ഉടൻ തന്നെ കൊച്ചിയിൽ എത്തിച്ചേരും. അദ്ദേഹത്തിന്റെ പരിശീലനത്തിലായിരിക്കും കേരള ബ്ലാസ്റ്റേഴ്സ് സൂപ്പർ കപ്പിനായി കളത്തിലിറങ്ങുക.

# കുസാറ്റിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) തിങ്കളാഴ്ച ലഹരിവിരുദ്ധ ക്യാമ്പയിൻ വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്), ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ്, കൊച്ചിൻ യൂണിവേഴ്സിറ്റി ലീഗൽ എയ്ഡ് ക്ലിനിക്, ഫോർത്ത് വേവ് ഫൗണ്ടേഷൻ എന്നിവ സംയുക്തമായി സംഘടിപ്പിച്ച ഈ പരിപാടിയുടെ ഉദ്ഘാടനം നടന്നത് കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗിൽ വച്ചാണ്. ലഹരി ഉപയോഗത്തിനെതിരെ പോരാടുന്നതിൽ കൂട്ടായ ശ്രമങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഫോർത്ത് വേവ് ഫൗണ്ടേഷന്റെ കാറ്റലിസ്റ്റ് മഞ്ജു ഡേവിഡ് സംസാരിച്ചു. രജിസ്ട്രാർ ഡോ. അരുൺ എ.യു, കുസാറ്റ് എൻഎസ്എസ് കോർഡിനേറ്റർ ഡോ. രമ്യ രാമചന്ദ്രൻ, കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഡോ. പ്രീത എസ്. എന്നിവർ സംസാരിച്ചു.മാർച്ച് 28 വരെ എല്ലാ വകുപ്പുകളിലും ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിക്കും, ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ചും പ്രതിരോധ നടപടികളുടെ പ്രാധാന്യത്തെക്കുറിച്ചും സർവകലാശാലയിലെ വിദ്യാർത്ഥികളെയും ഫാക്കൽറ്റിയെയും ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ നടക്കുന്നത്.

# ജലസാക്ഷരത കാലഘട്ടത്തിന്റെ ആവശ്യം: ആലങ്കോട് ലീലാകൃഷ്ണൻ

**കൊച്ചി:** 2030ഓടെ കുടിവെള്ളം കിട്ടാത്തവരുടെ എണ്ണം ഗണ്യമായി വർധിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നതെന്നും അത് കണക്കിലെടുത്തുള്ള ജലസാക്ഷരതയാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും പരിസ്ഥിതി പ്രവർത്തകനും കവിയും പ്രഭാഷകനുമായ ആലങ്കോട് ലീലാകൃഷ്ണൻ. ആഗോള പരിസ്ഥിതി, ജല, പാർപ്പിടദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്കയർ ഫീറ്റ് (ബിഎസ്എഫ്) പ്രഭാഷണപരമ്പരയിൽ ജലദിനത്തോടനുബന്ധിച്ച് കൊച്ചി കെഎംഎ ഹൗസിൽ പ്രഭാഷണം നടത്തുകയായിരുന്നു ലീലാകൃഷ്ണൻ. കേരളത്തിന്റെ ഭൂപ്രകൃതിയെ മുഴുവൻ തന്റെ സിനിമാഗാനങ്ങളിൽ ആവാഹിച്ച കവിയാണ് വയലാറെന്നും പുഴകൾ നദികൾ പൂവനങ്ങൾ എന്ന ഇതിവൃത്തത്തിൽ നടത്തിയ പ്രഭാഷണത്തിൽ ലീലാകൃഷ്ണൻ പറഞ്ഞു. മഴയും പുഴയും കായലും കുളവും അമ്പലക്കുളവും കടലും മാത്രമല്ല മാനസപത്മതീർത്ഥത്തെപ്പറ്റി വരെ എഴുതിയ കവിയാണ് വയലാർ എന്ന് ലീലാകൃഷ്ണൻ ചൂണ്ടിക്കാണിച്ചു. കാളിദാസൻ വർണിച്ച മഴത്തുള്ളിയെ സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ മലയാളീകരിച്ച മഹാകവി കൂടിയാണ് വയലാർ. ഭാരതപ്പുഴയിലേ ഓളങ്ങളേ എന്നെഴുതിയ വയലാറിന്റെ ചുവടുപിടിച്ച് ഭാരതപ്പുഴയെപ്പറ്റി എഴുതാൻ തന്റെ സുഹൃത്തായിരുന്ന ഗിരീഷ് പുത്തഞ്ചേരി ശ്രമിച്ചതിനെപ്പറ്റിയും ലീലാകൃഷ്ണൻ ഓർമിച്ചു. ഭാരതപ്പുഴയുടെ തീരത്തു വന്ന് രണ്ടു നാൾ താമസിച്ച് ശേഷം പക്ഷേ എഴുതിയത് ഭാരതപ്പുഴയിലെ ലോറികളേ എന്നായിരുന്നു. നഷ്ടപ്പെട്ടുപോയ ആ കേരളത്തെ പുനസൃഷ്ടിക്കേണ്ടി വന്നാൽ കേരളത്തിന്റെ ഭൂപ്രകൃതിയുടെ റഫറൻസ് മുഴുവൻ വയലാറിന്റെ പാട്ടുകളിലും കവിതകളിലുമുണ്ടെന്നും ലീലാകൃഷ്ണൻ പറഞ്ഞു. പള്ളാത്തരുത്തിയാറിൽ എന്ന് വയലാർ ഒരു പാട്ടിൽ എഴുതിയതു വായിച്ച് അങ്ങനെ ഒരു പുഴയുണ്ടോ എന്നന്വേഷിച്ചു പോയി അത് കണ്ടെത്തിയ കഥയും ആലങ്കോട് പങ്കുവെച്ചു. മാർച്ച് 22 ആഗോളദിനവും മാർച്ച് 25 വയലാറിന്റെ ജന്മദിനവും കണക്കിലെടുത്താണ് കേരളത്തിന്റെ എല്ലാ ജലരൂപങ്ങളെപ്പറ്റിയും പാടിയ വയലാറിനെക്കൂടി ഓർമിക്കത്തക്കരീതിയിൽ ഇത്തവണത്തെ ജലദിനപ്രഭാഷണം സംഘടിപ്പിച്ചതെന്ന് അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പറഞ്ഞു. ബഹുനിലക്കെട്ടിടങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച് അസറ്റ് ഹോംസ് ചീഫ് എൻജിനീയർ ഗിൽസൺ ജോർജ് എഴുതിയ പുസ്തകം ചടങ്ങിൽ പ്രകാശിപ്പിച്ചു.




# ബിനാലെ ലെറ്റ്സ് ടോക്ക് പരമ്പര എറണാകുളത്തും ആലപ്പുഴയിലും

**കൊച്ചി:** ആറാമത് കൊച്ചി മുസിരിസ് ബിനാലെക്കു മുന്നോടിയായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെബിഎഫ്) നടത്തുന്ന ലെറ്റ്സ് ടോക്ക് പരമ്പര ഇന്ന് (മാർച്ച് 26)മുതൽ രണ്ടു ദിവസം എറണാകുളത്ത്. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ യൂട്ടിലിറ്റി സെന്ററിൽ ഇന്ന് രാവിലെ 10ന് ആദ്യ ടോക്ക് നടക്കും.തിങ്കിംഗ് ടുഗെദർ: ഫ്രണ്ട്ഷിപ്പ് ആസ് പ്രാക്ടീസ് എന്ന വിഷയത്തിൽ കൊച്ചി മുസിരിസ് ബിനാലെ 2025 ക്യൂറേറ്റർ നിഖിൽ ചോപ്ര സംസാരിക്കും. സംസ്കൃത സർവകലാശാലയിലെ വിഷ്വൽ ആർട്ട്സ് ഗസ്റ്റ് ഫാക്കൽറ്റിയും ദൃശ്യ സാംസ്കാരിക രംഗത്തെ ഗവേഷകനുമായ എം പി നിഷാദ് മോഡറേറ്ററാകും.

27ന് രാവിലെ 10നു തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലാണ് ലെറ്റ്സ് ടോക്ക്'. വിഷയം:'കൊളാബറേഷൻ: ബിക്കോസ് ടുഗെദർ ഈസ് ബെറ്റർ'. ക്യൂറേറ്റർ നിഖിൽ ചോപ്രയും കെബിഎഫ് പ്രോഗ്രാം ഡയറക്ടർ മാരിയോ ഡിസൂസയും സംസാരിക്കും. കോളേജ് പെയിന്റിംഗ് വിഭാഗം അധ്യാപകനും ആർട്ടിസ്റ്റും സ്കോളറുമായ അനുദേവ് മനോഹരൻ മോഡറേറ്ററാകും.

27നു തന്നെ ആലപ്പുഴയിൽ 'ലെറ്റ്സ് ടോക്ക്' നടക്കും. വൈകിട്ട് 4.30ന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ കൺവെൻഷൻ സെന്ററിലാണ് പരിപാടി. 'ആൾട്ടർനേറ്റീവ് സ്പേസസ് ആൻഡ് പോസിബിലിറ്റി ഓഫ് ഷെയേർഡ് പ്രാക്ടീസ്' എന്ന വിഷയത്തിൽ നിഖിൽ ചോപ്രയും മാരിയോ ഡിസൂസയും സംസാരിക്കും. കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെയാണ് 'ലെറ്റ്സ് ടോക്ക്'. കൊച്ചി മുസിരിസ് ബിനാലെ എഡിറ്റോറിയൽ ലീഡ് അശ്വതി ഗോപാലകൃഷ്ണൻ മോഡറേറ്ററാകും.

# ദേശീയ പാർഷ്യലി സൈറ്റഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് : കേരളം ജേതാക്കൾ

**ഗ്വാളിയോർ:** ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ ആദ്യമായി സംഘടിപ്പിച്ച ദേശീയ പാർഷ്യലി സൈറ്റഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളം ജേതാക്കളായി. ഫൈനലിൽ ഒഡീഷയ്ക്കെതിരെ ഒന്നിനെതിരെ രണ്ട് ഗോളുകൾ നേടിയാണ് കേരള ടീം കിരീടം ചൂടിയത്.കേരളത്തിന് വേണ്ടി സൂജിത് എം.എസ്, അഹദ് പി.പി എന്നിവർ ഫൈനലിൽ ഗോൾ നേടി ടീമിനെ വിജയത്തിലേക്ക് നയിച്ചു. ടൂർണമെന്റിലെ മികച്ച ഗോൾകീപ്പറായി കേരളത്തിന്റെ മുഹമ്മദ് ഷുഹൈബിനെ തെരഞ്ഞെടുത്തു. സുജിത് എം എസ് മികച്ച താരമായും തിരഞ്ഞെടുക്കപ്പെട്ടു.ഹെഡ് കോച്ച് സൂജിത് പി.എസ് ന്റെ നേതൃത്വത്തിൽ ത്രീടുവൺ ഫൗണ്ടേഷന്റെ പിന്തുണയോടെയാണ് കേരള ടീം ടൂർണമെന്റിൽ പങ്കെടുത്തത്.മാർച്ച് 27ന് കേരള ടീം നാട്ടിലേക്ക് തിരിച്ചെത്തും.



# കുസാറ്റ് വിദ്യാർത്ഥികളുടെ നൂതന എഞ്ചിനീയറിംഗ് ആവിഷ്കാരങ്ങളുമായി വിഭവ സമ്മിറ്റ് മാർച്ച് 27ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് മാർച്ച് 27ന് വിദ്യാർത്ഥികളുടെ പ്രഥമ സാങ്കേതിക ഉച്ചകോടിയായ വിഭവ ഇന്നവേഷൻ സമ്മിറ്റ് 2025ന് ഒരുക്കമായി. വിദ്യാർത്ഥികൾ, വ്യവസായ പ്രതിനിധികൾ, ഗവേഷകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഒരു കുടക്കീഴിൽ അണിനിരത്തി വിദ്യാർത്ഥികളുടെ നൂതനാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും, അക്കാദമികവ്യവസായ സഹകരണം മെച്ചപ്പെടുത്തുന്നതിനും വിഭവ 2025 വേദിയൊരുക്കും.

രാവിലെ 9 മണിക്ക് ആരംഭിക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്യുന്നത് സർവകലാശാലാ വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരിയാണ്. കണ്ണൂർ സർവകലാശാലാ വൈസ് ചാൻസലർ ഡോ. കെ കെ സജു, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ, സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാൾ ഡോ. അബ്ദുള്ള പി, പ്രൊഫസർ ഡോ. ബിജു എൻ., വിഭവ 2025 കൺവീനർ റോമൽ ജോസ്ബിൻ എന്നിവരും ചടങ്ങിൽ സംസാരിക്കും.

പാനൽ ചർച്ചകൾ, വർക്ക്ഷോപ്പുകൾ, സ്റ്റാർട്ടപ്പ് വിജയഗാഥകൾ, പ്രോജക്ട് എക്സ്പോ എന്നിവ സമ്മിറ്റിന്റെ ഭാഗമാകും. വിദ്യാർത്ഥികളുടെ ഏറെ പ്രശംസ നേടിയ ഓട്ടോമോട്ടീവ്, എയ്റോസ്പേസ് എഞ്ചിനീയറിംഗ് ഡിസൈനുകളായ ഡ്രോണുകൾ, സൈക്കിളുകൾ, റോവർ, റേസിംഗ് കാറുകൾ എന്നിവ നിർമിച്ച ഫോർമുല സ്റ്റുഡന്റ് ടീം, ബജാ ടീം, മാർസ് റോവർ തീം എന്നിവരും സമ്മിറ്റിന്റെ മുഖ്യ ആകർഷണമാണ്.

കുസാറ്റ് വിദ്യാർത്ഥികൾ തന്നെ വികസിപ്പിച്ച നൂതന പ്രോജക്ടുകളായ അഗ്രികൾച്ചർ ട്രാൻസ്പ്ലാന്റർ മെഷീൻ, ഓട്ടോമേറ്റഡ് എയറോപോണിക്സ് ഫ്രെയിംവർക്ക്, ന്യൂറോഡൈവർജന്റ് ആളുകൾക്കുള്ള നോൺഇൻവേസീവ് മെഡിക്കൽ ഉപകരണം തുടങ്ങിയ പ്രോജക്ടുകളും പ്രദർശിപ്പിക്കും. വ്യവസായ വെല്ലുവിളികൾക്ക് നൂതനമായ പരിഹാരങ്ങൾ അവതരിപ്പിക്കുന്ന അവസാന വർഷ വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവയുമായി സഹകരിച്ച് നടത്തിയ പദ്ധതികൾ എന്നിവയും പ്രദർശിപ്പിക്കും.

വ്യവസായഅക്കാദമിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും കുസാറ്റ് വിദ്യാർത്ഥികളെ നൂതനസാങ്കേതികവിദ്യയുടെ മുൻനിരയിൽ അണിനിരത്തുന്നതിനും വിഭവ 2025 വഴിയൊരുക്കും.

# കാൾട്ട് കോഴ്സിന് ഏപ്രിൽ 11 വരെ അപേക്ഷിക്കാം

**കൊച്ചി:** കൊച്ചി സർവ്വകലാശാല ഹിന്ദി വിഭാഗത്തിൽ 2025 ഏപ്രിൽ 21ന് ആരംഭിക്കുന്ന 8 ആഴ്ച്ച ദൈർഘ്യമുള്ള കാൾട്ട് (കമ്പ്യൂട്ടർ എയ്ഡഡ് ലാംഗ്വേജ് ട്രെയിനിങ്) കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു. വിവിധ ഹിന്ദി സോഫ്റ്റ് വെയറുകൾ, കംപ്യൂട്ടർ അടിസ്ഥാന തത്വങ്ങൾ, എം.എസ് വേർഡ് , എക്സൽ, പവർപോയിൻറ്, ഇൻറർനെറ്റ് , കീബോർഡ് ടെക്നിക്സ്, ഹിന്ദി ടൈപ്പിംഗ് എന്നിവയിൽ പരിശീലനം നൽകുന്ന കോഴ്സിന് എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ ബയോഡാറ്റയും ഫോൺ നമ്പറും സഹിതം ഏപ്രിൽ 11നകം വകുപ്പ് മേധാവി, ഹിന്ദി വിഭാഗം, കൊച്ചി സർവകലാശാല, കൊച്ചി 682 022 എന്ന വിലാസത്തിൽ അപേക്ഷ ലഭിക്കത്തക്കവിധത്തിൽ അയയ്ക്കണം. വിശദ വിവരങ്ങൾക്ക് 94956 77720, 9895664682 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

# ദ്വിദിന ശില്പശാല

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) അപ്ലൈഡ് കെമിസ്ട്രി വിഭാഗം മാർച്ച് 26, 27 തീയതികളിൽ മോളിക്യുലാർ ഡോക്കിംഗ്, ഫാർമക്കോഫോർ മോഡലിംഗ് എന്നിവയെക്കുറിച്ചുള്ള ദ്വിദിന വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.

ഫാക്കൽറ്റി അംഗങ്ങൾ, ഗവേഷണ പണ്ഡിതർ, പരിമിതമായ എണ്ണം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവർക്കായി നടക്കുന്ന ഈ ശില്പശാലയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ഏകദേശം 30 പേർ പങ്കെടുക്കും.

തേവര സേക്രഡ് ഹാർട്ട് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അബി ടി.ജി., കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഷെറിൻ ഡി.ആർ. എന്നിവർ സെഷനുകൾ നയിക്കും. മോളിക്യുലാർ ഡോക്കിംഗ്, ക്യുഎസ്എആർ, പ്രോട്ടീൻ മോഡലിംഗ്, ജീനോം ഡാറ്റ വിശകലനം, ഫാർമക്കോഫോർ മാപ്പിംഗ് തുടങ്ങിയ പ്രധാന മേഖലകൾ ഉൾക്കൊള്ളുന്ന മോളിക്യുലാർ ഡോക്കിംഗ്, ഫാർമക്കോഫോർ മോഡലിംഗ് എന്നിവയിൽ പ്രായോഗിക പരിശീലനം ശില്പശാലയിൽ ലഭ്യമാക്കും. കുസാറ്റിലെ അപ്ലൈഡ് കെമിസ്ട്രി വിഭാഗത്തിലെ പ്രൊഫ. ജയശ്രീ ഇ.ജി., ഡോ. സിന്ധു മത്തായി എന്നിവരാണ് പരിപാടി സംഘടിപ്പിക്കുന്നത്.

# 100 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം




**തിരുവനന്തപുരം:** സംസ്ഥാനത്തെ 100 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.എ.ബി.എച്ച്. ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ 61 ആയുർവേദ ഡിസ്പെൻസറികൾക്കും ഒരു സിദ്ധ ഡിസ്പെൻസറിക്കും ഹോമിയോപ്പതി വകുപ്പിലെ 38 ഡിസ്പെൻസറികൾക്കുമാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭ്യമായിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ 150 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിരുന്നു. ഇതോടെ ആകെ 250 ആയുഷ് സ്ഥാപനങ്ങൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇവയെല്ലാം തന്നെ ഈ സർക്കാരിന്റെ കാലത്താണ് എൻ.എ.ബി.എച്ച്. അംഗീകാരം നേടിയത്.

എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതോടെ ആയുഷ് ആരോഗ്യ സേവന രംഗത്ത് മികച്ച ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുമെന്ന് മാത്രമല്ല സംസ്ഥാനത്തെ ആരോഗ്യ ടൂറിസം രംഗത്തിനും ഇത് മുതൽക്കൂട്ടാകും. ആരോഗ്യ സ്ഥാപനങ്ങൾ വിവിധ ഗുണമേന്മാ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന്റെ പൊതു അംഗീകാരമാണ് എൻ.എ.ബി.എച്ച്. സർട്ടിഫിക്കേഷനിലൂടെ ലഭിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനം, രോഗീ സൗഹൃദം, രോഗീ സുരക്ഷ, ഔഷധ ഗുണമേന്മ, അണുബാധ നിയന്ത്രണം എന്നിവ ഉൾപ്പെടെയുള്ള സേവന നിലവാരങ്ങളുടെ വിലയിരുത്തലുകളെ തുടർന്നാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭ്യമായത്.

സംസ്ഥാനത്തെ മുഴുവൻ ആയുഷ് ആരോഗ്യ സ്വാസ്ത്യ കേന്ദ്രങ്ങളെയും നാഷണൽ ആയുഷ് മിഷന്റെ സഹകരണത്തോടെ ഘട്ടം ഘട്ടമായി എൻ.എ.ബി.എച്ച്. സർട്ടിഫിക്കേഷനിലേക്ക് നയിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത ഘട്ടത്തിൽ 250 പ്രാഥമിക സ്ഥാപനങ്ങളെയും 6 ആയുഷ് ആശുപത്രികളെയും തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

# തോട്ടപ്പള്ളിയിൽ ഒരുങ്ങി സംസ്ഥാനത്തെ ആദ്യ എക്സ്ട്രാഡോസ്ഡ് പാലം

**ആലപ്പുഴ:** സംസ്ഥാനത്തെ ആദ്യ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേയ്ഡ് പാലമായ തോട്ടപ്പള്ളി നാലുചിറ പാലത്തിന്റെ നിർമ്മാണം പൂർത്തിയായി. ഈ മാസം അവസാനത്തോടെ പാലത്തിന്റെ വൈദ്യുതീകരണ പ്രവർത്തികളും കെൽട്രോൺ മുഖേന പൂർത്തിയാക്കും.

അമ്പലപ്പുഴതിരുവല്ല സംസ്ഥാനപാതയെയും ദേശീയപാത 66 നെയും ബന്ധിപ്പിച്ച് പക്ഷിച്ചിറകിന്റെ ആകൃതിയിൽ നിർമ്മിച്ച പാലം സസ്പെൻഷൻ പാലത്തിന്റെയും സാധാരണ പാലങ്ങളുടെയും സംയോജിത രൂപമാണ്. പ്രീ സ്ട്രെസ്ഡ് ബോക്സ് ഗർഡർ സാങ്കേതികവിദ്യയും കേബിൾ സ്റ്റേയ്ഡ് ഡിസൈനും ചേർന്നുള്ള സങ്കരമാതൃകയാണിത്. പ്രത്യേകതരം കമ്പികൾ ഉപയോഗിച്ച് പാലം വലിച്ച് കെട്ടുന്ന നിർമ്മാണ രീതിയാണ് കേബിൾ സ്റ്റേയ്ഡ് ഡിസൈൻ

ഇതിനെയാണ് എക്സ്ട്രാ ഡോസ്ഡ് പാലങ്ങൾ എന്ന് വിളിക്കുന്നത്.

വാഹനഗതാഗതം തീർത്തും ഇല്ലാതിരുന്ന പ്രദേശമായിരുന്നു തോട്ടപ്പള്ളിയിലെ നാലുചിറ. ഇല്ലിച്ചിറ, നാലുചിറ പ്രദേശവാസികൾ കടത്തു വള്ളത്തിന്റെ സഹായത്താലാണ് മറുകരയിലെത്തി കൊട്ടാരവളവിലൂടെ ദേശീയപാതയിൽ എത്തിയിരുന്നത്. ദേശീയ ജലപാതയിൽ ലീഡിങ് ചാനലിന് കുറുകെ കൊട്ടാരവളവ് കടത്തിന് സമീപം ദേശീയ ജലപാത മാനദണ്ഡങ്ങൾ പാലിച്ചാണ് പുതിയ പാലം നിർമ്മിച്ചിരിക്കുന്നത്.

കിഫ്ബി ധനസഹായത്താൽ നിർമ്മിച്ച ഈ മനോഹരമായ പാലം ആലപ്പുഴയുടെ ടൂറിസം മേഖലയുടെയും കൃഷി, വ്യാവസായിക വികസനം എന്നിവയുടെയും വളർച്ചക്ക് സഹായകമാകും. 2019 ലാണ് പാലം നിർമ്മാണം ആരംഭിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിനാണ് നിർമ്മാണ ചുമതല. ദേശീയപാത 66 നെയും അമ്പലപ്പുഴതിരുവല്ല സംസ്ഥാനപാതയെയും ബന്ധിപ്പിക്കുന്ന പാലം കരുമാടിയിൽ നിന്ന് തോട്ടപ്പള്ളി കൊട്ടാരവളവ് വരെ ദേശീയപാതയ്ക്ക് സമാന്തരപാതയായി മാറും. തോട്ടപ്പള്ളി സ്പിൽവേയിൽ ഗതാഗത തടസ്സം ഉണ്ടായാൽ സമാന്തര പാതയായി ഈ പാലം പ്രയോജനപ്പെടുത്താം. ആദ്യം 38 കോടി രൂപയാണ് പാലം നിർമ്മാണത്തിനായി വകയിരുത്തിയിരുന്നത്. പുതുക്കിയ സാങ്കേതിക അനുമതി പ്രകാരം 60.73 കോടി രൂപയ്ക്കാണ് പാലം നിർമ്മാണം പൂർത്തിയാകുന്നത്. ജലഗതാഗതം തടസ്സപ്പെടാതിരിക്കാനായി 70 മീറ്ററുള്ള സെന്റർ സ്പാനാണ് ദേശീയ ജലപാതയ്ക്ക് കുറുകെ തൂണുകളില്ലാതെ മധ്യത്തിൽ ഒരുക്കിയിരിക്കുന്നത്. 458 മീറ്റർ ആണ് പാലത്തിന്റെ ആകെ നീളം. ഇരുവശത്തും 1.5 മീറ്റർ വീതിയുള്ള നടപ്പാതയുമുണ്ട്. കാഴ്ച്ചകൾ കാണുന്നതിന് നടപ്പാതയോട് ചേർത്ത് മധ്യഭാഗത്ത് വിപുലീകരിച്ചിട്ടുള്ള പ്രത്യേക ഭാഗം പാലത്തിന്റെ പ്രധാന ആകർഷണമാണ്.

70 മീറ്റർ വീതമുള്ള മധ്യസ്പാൻ കൂടാതെ, 42 മീറ്റർ വീതമുള്ള രണ്ട് സ്പാനുകൾ, 24.5 മീറ്റർ വീതമുള്ള രണ്ട് സ്പാനുകൾ, 19.8 മീറ്റർ വീതമുള്ള രണ്ട് സ്പാനുകൾ, 12 മീറ്റർ വീതമുള്ള 17 സ്പാനുകൾ എന്നിവയുള്ള പാലത്തിന്റെ ആകെ വീതി 11.2 മീറ്ററാണ്. പമ്പാ നദിയുടെയും സമൃദ്ധമായ നെൽവയലുകളുടെയും അപ്പർ കുട്ടനാടിന്റെയും അതിമനോഹര കാഴ്ചകളാണ് പാലം സമ്മാനിക്കുന്നത്. പാലത്തിൽ നിന്നാൽ തോട്ടപ്പള്ളി സ്പിൽവേയും തോട്ടപ്പള്ളി കടപ്പുറത്തെ സൂര്യാസ്തമയവും ലീഡിങ് ചാനലിലെ മനോഹരമായ കാഴ്ചകളും കാണാനാകും. അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ ഏഴാം വാർഡ്, പുറക്കാട് പഞ്ചായത്തിലെ ആറ്, ഏഴ് വാർഡുകൾ എന്നിവിടങ്ങളിലൂടെയാണ് പാലം കടന്നു പോകുന്നത്. ജില്ലയുടെ ഗതാഗത രംഗത്തിനൊപ്പം വിനോദസഞ്ചാരമേഖലക്കും തോട്ടപ്പള്ളി നാലുചിറപ്പാലം വലിയ മുതൽക്കൂട്ടാവും.

# ചികിത്സയ്ക്കായി രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെ മാത്രം സമീപിക്കണം

**തിരുവനന്തപുരം:** എല്ലാ രോഗികളും രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ അടുത്ത് മാത്രമേ ചികിത്സ തേടാൻ പാടുള്ളുവെന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ് ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ അറിയിച്ചു. കേരളത്തിൽ രോഗികളെ പരിശോധിക്കുന്നതിനും ചികിത്സ നിശ്ചയിക്കുന്ന മരുന്നുകൾ നൽകുന്നതിനും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാർക്ക് മാത്രമാണ് അധികാരം. രജിസ്ട്രേഷൻ ഇല്ലാതെ ചികിത്സ നടത്തുന്നത് കുറ്റകരമാണ്.മോഡേൺ മെഡിസിൻ, ഹോമിയോപ്പതി മെഡിസിൻ, ആയുർവേദം, സിദ്ധ, യുനാനി, പ്രകൃതി ചികിത്സാ വിഭാഗങ്ങളെയാണ് അംഗീകൃത ചികിത്സാ ശാസ്ത്ര ശാഖകളായി അംഗീകരിച്ചിരിക്കുന്നത്. നാഷണൽ മെഡിക്കൽ കമ്മീഷൻ, നാഷണൽ കമ്മീഷൻ ഓഫ് ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ, നാഷണൽ കമ്മീഷൻ ഓഫ് ഹോമിയോപ്പതി മെഡിസിൻ, കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 2021 എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ചികിത്സാനുവാദവും രജിസ്ട്രേഷനും നൽകുന്നത്. എല്ലാ ആയുർവേദ, യുനാനി, സിദ്ധ, ബിഎൻവൈഎസ് രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സിനും ചർമ്മ രോഗങ്ങൾ, സൗന്ദര്യ വർദ്ധക ചികിത്സ തുടങ്ങി എല്ലാ രോഗങ്ങൾക്കും ചികിത്സിക്കാനുള്ള പൂർണ്ണ അധികാരം നൽകുന്നുണ്ട്. എൻ.സി.ഐ.എസ്.എം റെഗുലേഷൻ 2023 റഗുലേഷൻ 18 പ്രകാരം ഇത് ഉറപ്പ് നൽകുന്നുണ്ടെന്നും പത്രക്കുറിപ്പിൽ അറിയിച്ചു.

# വരുമാന പദ്ധതിയുമായി പ്രു ഗിഫ്റ്റ് സെലക്ട്

**തൃശൂർ:** എപ്പോഴും അനിശ്ചിതത്വം സംഭവിക്കുന്ന സമകാലിക സാമ്പത്തിക സാഹചര്യത്തിൽ, വർധിച്ചുവരുന്ന പണപ്പെരുപ്പം നിയന്ത്രിക്കാനും വിപണിയിലെ ഏറ്റക്കുറച്ചിലുകൾ മറികടക്കാനും സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാനും വ്യക്തികളെ സഹായിക്കുന്ന പദ്ധതിയുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. സമ്പത്ത് സംരക്ഷിക്കുന്നതിനൊപ്പം ഗ്യാരണ്ടീഡ് വരുമാനം നൽകുന്നതിനായാണ് ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് എന്ന പേരിൽ പ്രത്യേക പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്ക് അവരുടെ ദീർഘകാല സാമ്പത്തിക അഭിലാഷങ്ങൾ ഉറപ്പോടെ കൈവരിക്കാൻ സഹായിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രോഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറയുന്നു. ഉപഭോക്താക്കൾക്ക് അവരുടെ ഗ്യാരണ്ടീഡ് വരുമാനത്തിന്റെ ദൈർഘ്യം തിരഞ്ഞെടുക്കാനും, കാലാവധി പൂർത്തിയാകുമ്പോൾ ഒരു വലിയ തുക നികുതി കാര്യക്ഷമമായ രീതിയിൽ ലഭിക്കാനും അനുവദിക്കുന്ന ഈ ഉത്പന്നം ഫ്ളെക്സിബിലിറ്റിയും ഉറപ്പാക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. പണപ്പെരുപ്പം ഫലപ്രദമായി കൈകാര്യം ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനായി പ്രതിവർഷം 5% നിരക്കിൽ വർധിക്കുന്ന വരുമാന ഫീച്ചറും ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ടിന്റെ പ്രത്യേകതയാണ്. ഡിജിറ്റൽ നവീകരണങ്ങളിലൂടെ ലൈഫ് ഇൻഷുറൻസ് വിതരണത്തെ പരിവർത്തനം ചെയ്യുന്ന ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, ഐപിആർയു എഡ്ജ് മൊബൈൽ ആപ്പ് വഴി ഏജന്റുമാരെ ശാക്തീകരിക്കുകയും ചെയ്യുന്നു. 2024 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം ഐപിആർയു എഡ്ജ് ഉപയോഗിക്കുന്ന ഏജന്റുമാരുടെ ഉൽപ്പാദനക്ഷമത 25% വർധിച്ചിട്ടുണ്ട്. 2024 ഏപ്രിൽ മുതൽ 2024 ഡിസംബർ വരെയുള്ള കാലയളവിൽ 99.3% ക്ലെയിം സെറ്റിൽമെന്റ് അനുപാതമാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് നേടിയതെന്നും അമിത് പാൽട്ട പറയുന്നു.





# ടിസിഎസ് കോഡ്‌വിറ്റ 2025: ജെഫ്രി ഹോ, അങ്കിത വർമ്മ, ഷൗ ജിങ്കായ് ജേതാക്കൾ

**കൊച്ചി:** ഐടി സേവനങ്ങൾ, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷൻസ് എന്നിവയിലെ ആഗോള മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് ചെന്നൈയിലെ ടിസിഎസ് സിരുശേരി കാമ്പസിൽ സംഘടിപ്പിച്ച ആഗോള കോഡിംഗ് മത്സരമായ കോഡ് വിറ്റയുടെ വിജയികളെ പ്രഖ്യാപിച്ചു. ലോകത്തിലെ ഏറ്റവും വലിയ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് മത്സരത്തിനുള്ള ഗിന്നസ് വേൾഡ് റെക്കോർഡ് സ്വന്തമാക്കിയ കോഡ്‌വിറ്റ 2025ൽ തായ്‌വാനിൽ നിന്നുള്ള 24 കാരനായ ജെഫ്രി ഹോ വിജയിയായി. ജെഫ്രി ഹോയ്ക്ക് 10,000 ഡോളർ ക്യാഷ് പ്രൈസ് ലഭിച്ചു. രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തിയ ചിലിയിൽ നിന്നുള്ള മാർട്ടിൻ ആൻഡ്രിഗെറ്റി, ഇഗ്നാസിയോ മുനോസ് എന്നിവർക്ക് യഥാക്രമം 7,000 ഡോളർ, 3,000 ഡോളർ എന്നിങ്ങനെയാണ് സമ്മാനത്തുക. മികച്ച വനിതാ കോഡറായി ഇന്ത്യയിൽ നിന്നുള്ള അങ്കിത വർമ്മ, ടോപ്പ് എമർജിംഗ് കോഡറായി ചൈനയിൽ നിന്നുള്ള ഷൗ ജിങ്കായ് എന്നിവരെയും തിരഞ്ഞെടുത്തു. മികച്ച മൂന്ന് കോഡർമാർക്ക് ടിസിഎസ് റിസർച്ച് ആൻഡ് ഇന്നൊവേഷൻ ടീമിനൊപ്പം നേരിട്ട് ഇൻറേൺഷിപ്പ് ചെയ്യാനുള്ള അവസരവും ലഭിക്കും. കോഡ്‌വിറ്റയിൽ മൂന്ന് റൗണ്ട് കോഡിംഗ് വെല്ലുവിളികളാണുള്ളത്. ഒന്നാം റൗണ്ടിൽ നിന്ന് മുന്നേറാൻ മത്സരാർത്ഥികൾ കുറഞ്ഞത് ഒരു വെല്ലുവിളിയെങ്കിലും പരിഹരിക്കണം. രണ്ടാം റൗണ്ടിൽ, അവർ പുതിയ സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. ഏറ്റവും മികച്ച 25 മത്സരാർത്ഥികൾ മാത്രമേ അവസാന റൗണ്ടിലേക്ക് എത്തുകയുള്ളൂ.ടിസിഎസ് കോഡ്‌വിറ്റയിൽ പങ്കെടുക്കുന്നവരുടെ കോഡിംഗ് കഴിവുകൾ വെല്ലുവിളിക്കുക മാത്രമല്ല, യഥാർത്ഥ സാഹചര്യങ്ങളിലെ ആപ്ലിക്കേഷനുകളും വളർന്നുവരുന്ന സാങ്കേതിക പ്രവണതകളും മനസിലാക്കുന്നതിനുള്ള സവിശേഷമായ അവസരം അവർക്ക് ലഭ്യമാക്കുക കൂടി ചെയ്യുന്നുണ്ടെന്ന് ടിസിഎസ് ചീഫ് ടെക്നോളജി ഓഫീസർ ഹാരിക്ക് വിൻ പറഞ്ഞു.

# പുതുനിര എസികളുമായി പാനാസോണിക്

**കൊച്ചി:** എയർകണ്ടീഷണർ നിർമ്മാണത്തിൽ ദീർഘ പാരമ്പര്യമുള്ള പാനസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ പുതുനിര എയർകണ്ടീഷ്ണറുകൾ അവതരിപ്പിച്ചു. വിശാലമായ ഐഡിയു, ഉയർന്ന സിഎഫ്എം എന്നി സവിശേഷതകൾ വഴി 55 ഡിഗ്രിചൂടിലും ഉയർന്ന കൂളിംഗ് ലഭ്യമാക്കുന്ന എസികൾ 1.0,1.5,2.0 ടണ്ണുകളിലായി 61 പുതിയ മോഡലുകളിൽ ലഭ്യമാണ്. 33,990 രൂപ മുതൽ പ്രാരംഭവിലയിൽ ഏസികൾ ലഭ്യമാണെന്ന് പാനാസോണിക് എയർ കണ്ടീഷണർ ഗ്രൂപ്പ് ഹെഡ് അഭിഷേക് വർമ്മ പറഞ്ഞു.




പുതുനിര എയർകണ്ടീഷണറുകൾ പാനസോണിക്കിന്റെ ഐഒടിഎനേബിൾഡ് കണക്റ്റഡ് ലിവിംഗ് പ്ലാറ്റ്ഫോം മിറെയ് ആപ്പിൽ നിന്ന് നിയന്ത്രിക്കാൻ കഴിയും. മുറിയിലെ താപനില യാന്ത്രികമായി ക്രമീകരിക്കാൻ സഹായിക്കുന്ന സവിശേഷമായ സ്ലീപ്പ് പ്രൊഫൈൽ സവിശേഷതക്കൊപ്പം

എഐ നാനോ എയർ പ്യൂരിഫിക്കേഷൻ സാങ്കേതികവിദ്യകൾ, വൺ ടച്ച് സർവീസ്, 7 ഇൻ1 കൺവെർട്ടബിൾ, മികച്ചഫ്ലോ എയർ കാര്യക്ഷമത, ഇക്കോടോഫ് ഈ ഡോർ യൂണിറ്റ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഈ ശ്രേണിയുടെ സവിശേഷതകളാണ്.



# ട്രോമാക്സ് 2025 സമാപിച്ചു

**കൊച്ചി:** ട്രോമ കെയർ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിന് ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ 'ട്രോമാക്സ് 2025' സമ്മേളനം സംഘടിപ്പിച്ചു. ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജൻസ് ഓഫ് ഇന്ത്യയുടെ കേരള ബ്രാഞ്ചും ആസ്റ്റർ മെഡ്സിറ്റിയിലെ ക്രാനിയോമാക്സിലോഫേഷ്യൽ സർജറി, എമർജൻസി മെഡിസിൻ വിഭാഗങ്ങൾ എന്നിവ സംയുക്തമായാണ് അഞ്ച് ദിവസം നീണ്ടുനിന്ന സമ്മേളനം സംഘടിപ്പിച്ചത്.

മുഖത്തും കഴുത്തിലും തലയോട്ടിയിലും ഉണ്ടാകുന്ന ആഘാതങ്ങളെയാണ് ക്രാനിയോമാക്സിലോഫേഷ്യൽ ട്രോമ എന്ന് വിശേഷിപ്പിക്കുന്നത്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ വളരെ സങ്കീർണമായ അടിയന്തര ചികിത്സ ആവശ്യമാണ്. എമർജൻസി മെഡിസിൻ, തീവ്രപരിചരണ സ്പെഷ്യലിസ്റ്റ്, അനസ്തേഷ്യോളജിസ്റ്റ് എന്നിവർക്കൊപ്പം ന്യൂറോസർജന്റെയും ക്രാനിയോമാക്സിലോഫേഷ്യൽ സർജന്റെയും സഹായം രോഗികൾക്ക് ലഭിക്കേണ്ടതുണ്ട്.

അപകടങ്ങളിലോ ആക്രമണങ്ങളിലോ ഇത്തരം ആഘാതങ്ങൾക്ക് ഇരയാകുന്ന രോഗികളെ എങ്ങനെ ഫലപ്രദമായി പരിചരിക്കാം എന്ന വിഷയത്തിലേക്ക് വെളിച്ചം വീശുന്നതായിരുന്നു ട്രോമാക്സ് 2025 സമ്മേളനം. വിർച്വൽ ശസ്ത്രക്രിയാ ആസൂത്രണം, വിവിധ പ്രായങ്ങളിലുള്ളവർക്ക് നൽകേണ്ടുന്ന സവിശേഷ ട്രോമ കെയർ എന്നിവയായിരുന്നു പ്രധാന ശ്രദ്ധ കേന്ദ്രങ്ങൾ. കുട്ടികൾക്കും വയോധികർക്കും ഉണ്ടാകുന്ന ട്രോമകളെ എങ്ങനെ നേരിടാം എന്ന വിഷയവും ചർച്ചയായി. മാക്സിലോഫേഷ്യൽ ട്രോമ കേസുകൾ നേരിടുന്നതിൽ ത്രിമാന മോഡലുകൾ ഉപയോഗിച്ചുള്ള പ്രായോഗിക സെഷനുകളും സമ്മേളനത്തിന്റെ ഭാഗമായിരുന്നു.

# ഫ്ളിപ്കാർട്ടിൽ വേനൽക്കാല ഓഫറുകൾ




**കൊച്ചി:** ഫ്ളിപ്കാർട്ടിൽ മാർച്ച് 26 മുതൽ 31 വരെ കൂളിംഗ് ഡേയ്സ് ഓഫറുകൾ. എയർ കണ്ടീഷണറുകൾ, ഫാനുകൾ, കൂളറുകൾ എന്നിവ മികച്ച ഓഫറിൽ ലഭ്യമാണെന്ന് ഫ്ളിപ്കാർട്ട് മാർക്കറ്റിംഗ് ആൻഡ് മീഡിയ മേധാവി പ്രതീക് ഷെട്ടി പറഞ്ഞു.26,490 രൂപ മുതൽ ആരംഭിക്കുന്ന എയർ കണ്ടീഷണറുകൾ, 1,999 രൂപ മുതൽ ആരംഭിക്കുന്ന ഫാനുകൾ, 3,999 രൂപ മുതൽ ആരംഭിക്കുന്ന കൂളറുകൾ എന്നിവ കൂളിംഗ് ഡേയ്സ് ഓഫറിന്റെ ഭാഗമായി ലഭിക്കും. വേനൽക്കാല ഓഫറിന്റെ ഭാഗമായി ഫ്ളിപ്കാർട്ട് എസി ഡീൽസ് സോ ഗുഡ്, ഇന്ത്യ രഹേഗാ കൂൾ' എന്ന പുതിയ കാംപയിൻ അവതരിപ്പിച്ചു. വേനൽക്കാലത്ത് കൂളിംഗ് സൊല്യൂഷനുകൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതും താങ്ങാനാവുന്നതുമാക്കി മാറ്റുക എന്നതാണ് കാംപയിനിന്റെ ലക്ഷ്യം.ആകർഷകമായ എക്സ്ചേഞ്ച് ഓഫറുകളും ഫ്ളെക്സിബിൾ പേമെന്റ് ഓപ്ഷനുകളും മികച്ച ബ്രാൻഡുകളുടെ ക്യൂറേറ്റഡ് തിരഞ്ഞെടുപ്പും ലഭ്യമാക്കിക്കൊണ്ട് ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തടസ്സമില്ലാത്തതും മൂല്യാധിഷ്ഠിത ഷോപ്പിംഗ് അനുഭവം ഉറപ്പാക്കുകയാണ് ഫ്ളിപ്കാർട്ടെന്ന് പ്രതീക് ഷെട്ടി പറഞ്ഞു.




# നൂറയുടെ മൊബൈൽ ഹെൽത്ത് സ്ക്രീനിംഗ് കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ചു

**കോഴിക്കോട്:** നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന മൊബൈൽ ഹെൽത്ത് സ്ക്രീനിംഗ് സംവിധാനമായ നൂറ എക്സ്പ്രസ് കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ചു. ഫ്യൂജി ഫിലിം ഹെൽത്ത് കെയറും ഡോക്ടർ കുട്ടീസ് ഹെൽത്ത് കെയറും ചേർന്നുള്ള സംയുക്ത സംരംഭമാണ് നൂറ എക്സ്പ്രസ്.കൂടുതലാളുകൾക്ക് ഉന്നത നിലവാരത്തിലുള്ള സ്ക്രീനിംഗ് സൗകര്യങ്ങളൊരുക്കാൻ നൂറയുടെ ആഗോള പങ്കാളിയായ ഫ്യൂജി ഫിലിം വിവിധ രാജ്യങ്ങളിലെ നഗരങ്ങളിൽ നൂറ ഹെൽത്ത് സ്ക്രീനിംഗ് സെന്ററുകളാരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച നൂറ എക്സ്പ്രസ് പ്രാദേശിക കമ്പനികളുമായിച്ചേർന്ന് കോർപറേറ്റ് ഹെൽത്ത് സ്ക്രീനിംഗ് സൗകര്യം നൽകുന്നു. നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിച്ചേരുന്ന മൊബൈൽ യൂണിറ്റ് കാൻസർ, ജീവിത ശൈലീ രോഗങ്ങൾ എന്നിവ തിരിച്ചറിയുന്നതിനായി ജീവനക്കാർക്കോ തൊഴിലാളികൾക്കോ അതാതിടങ്ങളിൽ താമസിക്കുന്നവർക്കോ അവിടങ്ങളിൽ തന്നെ സിടി സ്കാൻ പരിശോധന നടത്തും. നൂറ എക്സ്പ്രസിൽ നിന്നുള്ള ഈ സ്കാൻ ഇമേജുകൾ കോഴിക്കോട്ടെ നൂറ ഗ്ലോബൽ ഇന്നവേഷൻ സെന്ററിലെ ഡോക്ടർമാർ വിലയിരുത്തിയ ശേഷം സിടി സ്കാൻ ഫിലിമുകളും പരിശോധനാ ഫലങ്ങളും സ്മാർട് ഫോൺ ആപ്പിലൂടെ ജനങ്ങൾക്കു ലഭ്യമാക്കും.

ഭാവിയിൽ തദ്ദേശ ഭരണ കൂടങ്ങളുമായിച്ചേർന്ന് ഉൾനാടുകളിലുള്ളവർക്കും ഹെൽത്ത് സ്ക്രീനിംഗ് സംവിധാനങ്ങളൊരുക്കാൻ നൂറയ്ക്ക് പദ്ധതിയുണ്ട്. കാൻസറും ജീവിത ശൈലീ രോഗങ്ങളും കാലേക്കൂട്ടി കണ്ടെത്താൻ ഇതു സഹായിക്കും. കാൻസറും ഹൃദ്രോഗം ഉൾപ്പടെയുള്ള ജീവിത ശൈലീ രോഗങ്ങളുമാണ് ലോകമെങ്ങും കൂടുതൽ പേരുടെ മരണത്തിനിടയാക്കുന്നത് എന്നതിനാൽ ഇവ നേരത്തേ കണ്ടെത്താനും യഥാസമയം ചികിത്സ ലഭ്യമാക്കാനും ഹെൽത്ത് സ്ക്രീനിംഗ് സഹായകമാണെന്ന് നൂറ മെഡിക്കൽ സംഘത്തലവൻ ഡോ.ടി.എം ബിലാൽ തങ്ങൾ പറഞ്ഞു.

# പ്രാദേശിക ബിസിനസുകളെ പിന്തുണയ്ക്കാൻ കെഎഫ്സി




**കൊച്ചി:** മുംബൈ, ഡൽഹി, ഹൈദരാബാദ്, എന്നീ 1100ലധികം പ്രാദേശിക റെസ്റ്റോറന്റുകളെ പിന്തുണച്ചതിനു പിന്നാലെ കെഎഫ്സിയുടെ ഇന്ത്യ സഹയോഗ് പരിപാടി കേരളത്തിലെ തിരുവനന്തപുരത്ത് ആരംഭിച്ചു.

പരിപാടിയുടെ ഭാഗമായി, കേരളത്തിലെ 100 ലധികം പ്രാദേശിക റെസ്റ്റോറന്റുകൾക്കും ഭക്ഷണശാലകൾക്കും ഭക്ഷ്യസുരക്ഷയും ശുചിത്വവും, ഉപഭോക്തൃ സേവനം, ലാഭക്ഷമത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള നിശ്ചിത മൊഡ്യൂളുകളിൽ കെഎഫ്സി പരിശീലനം നൽകി. 2020 ലാണ് കെഎഫ്സിയുടെ ഇന്ത്യ ഹയോഗ് പ്രോഗ്രാം ആദ്യമായി ആരംഭിച്ചത്; റീട്ടെയിലേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ എഫ്എസ്എസ്എഐയുടെ ഫുഡ് സേഫ്റ്റി ആൻഡ് ട്രെയിനിംഗ് സർട്ടിഫിക്കേഷൻ പ്രോഗ്രാം എന്നിവയുമായി സഹകരിച്ചാണ് പരിപാടി നടപ്പാക്കുന്നത്; 2026 അവസാനത്തോടെ ഇന്ത്യയിലെങ്ങുമുള്ള 2000 റെസ്റ്റോറന്റുകളെ പിന്തുണയ്ക്കുകയാണ് ലക്ഷ്യം.

## ഏപ്രിൽ 10നകം കെവൈസി അപ്ഡേറ്റ് ചെയ്യണമെന്ന് പഞ്ചാബ് നാഷണൽ ബാങ്ക്

**ന്യൂഡൽഹി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 10നകം ഉപഭോക്താക്കൾ തങ്ങളുടെ കെവൈസി അപ്ഡേറ്റ് ചെയ്യണമെന്ന് മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് അറിയിച്ചു. അക്കൗണ്ടുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് നിശ്ചിത തീയതിക്കകം കെവൈസി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

സഹായത്തിന്, ഉപഭോക്താവിന് അവരുടെ അടുത്തുള്ള പിഎൻബി ബ്രാഞ്ച് സന്ദർശിക്കുകയോ vattps://www.pnbindia.in/ എന്ന ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കുകയോ ചെയ്യാവുന്നതാണ്.



# കൊച്ചിയിൽ മറൈൻ എക്കോ സിറ്റി; നിർമ്മാണം ഈ വർഷം

**തിരുവനന്തപുരം:**കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൊച്ചിയിലെ 'മറൈൻ എക്കോ സിറ്റി'യുടെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കാനുള്ള ഒരുക്കങ്ങൾ വേഗത്തിലാക്കാൻ റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ നിർദ്ദേശം നൽകി. നിയമസഭാ മന്ദിരത്തിൽ ചേർന്ന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.നിയമാനുസൃതമായ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തമായി പൂർത്തിയാക്കും. കേന്ദ്രത്തിൽ നിന്നുള്ള വിവിധ അനുമതി പത്രങ്ങൾ വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.തീരദേശ നിയന്ത്രണ മേഖലയുമായി ബന്ധപ്പെട്ട ക്ലിയറൻസ് ലഭിച്ചു. പ്രീ സർട്ടിഫിക്കേഷൻ പൂർത്തിയാക്കി. 3 സ്റ്റാർ സർട്ടിഫിക്കേഷൻ ലഭ്യമായി. എയർപോർട്ട് എൻഒസി, ഫയർഫോഴ്സ് എൻഒസി, പാരിസ്ഥിതിക അനുമതി തുടങ്ങിവ ഉറപ്പാക്കിയിട്ടുണ്ട്.

മറൈൻ സിറ്റിയുടെ പുതുക്കിയ രൂപരേഖയും എസ്റ്റിമേറ്റും നാഷണൽ ബിൽഡിങ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ (എൻബിസിസി) വിദഗ്ധ പ്രതിനിധികൾ യോഗത്തിൽ അവതരിപ്പിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികളും എൻബിസിസി ഉദ്യോഗസ്ഥർ വിവരിച്ചു. 486.38 കോടി രൂപയായിരുന്നു പദ്ധതി തുക. റായ്പുർ കേന്ദ്രമായ ഡീ വീ പ്രൊജക്ട്സ് ലിമിറ്റഡ് (ഡീവീപിഎൽ) 460.60 കോടിയും ഡൽഹി ആസ്ഥാനമായ സ്വദേശി സിവിൽ ഇൻഫ്രാസ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് 506.72 കോടിയും ആണ് ക്വാട്ട് ചെയ്തത്.

ടെണ്ടർ തുകയേക്കാൾ 5.3 ശതമാനം കുറവാണ് ഡീവീപിഎല്ലിന്റേത്. നിർമ്മാണ കരാർ ഇവർക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾക്കായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കും.ഏകദേശം 2,399 കോടി രൂപ ആകെ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന മറൈൻ എക്കോ സിറ്റിയുടെ വിപണന മൂല്യം 3,570 കോടി രൂപയാണ്. 2,47,000 ച. അടി വിസ്തീർണമുള്ള വാണിജ്യ സമുച്ചയം, 85,651 ച. അടി വിസ്തീർണമുള്ള കൺവൻഷൻ സെന്ററും 40 അതിഥി മുറികളുള്ള ഹോട്ടലും ഭവന നിർമ്മാണ ബോർഡിന് സ്വന്തമായി ലഭിക്കുന്ന രീതിയിലാണ് പദ്ധതി. ഇവയ്ക്കു പുറമെ, ആഡംബര ഹരിത പാർപ്പിട സമുച്ചയങ്ങളിൽ 3 ബിഎച്ച്കെ, 4 ബിഎച്ച്കെ ഫ്ലാറ്റുകളുണ്ടാകും. ആദ്യ ഘട്ടത്തിൽ 25 നിലകളിലായി 152 ഫ് ളാറ്റുകളാണ് നിർമ്മിക്കുന്നത്. ഇതിൽ മൂന്ന് നിലകൾ വാഹന പാർക്കിങ്ങിനുള്ളതാണ്. ക്ലബ് ഹൗസ്, സിമ്മിംഗ് പൂൾ, ജിം, ഓഫീസ് ഇടങ്ങൾ എന്നീ സൗകര്യങ്ങൾ ഉണ്ടാകും.

# ടാറ്റാ ഐപിഎല്ലിൽ വൻ സമ്മാനങ്ങളുമായി ജീത്തോ ധൻ ധനാ ധൻ

**കൊച്ചി:** ടാറ്റ ഐപിഎൽ 2025 സീസണിലും വൻസമ്മാനങ്ങളുമായി ജിയോസ്റ്റാറിന്റെ ജനപ്രിയ പ്രവചന മത്സരമായ ജീത്തോ ധൻ ധനാ ധൻ (ജെഡിഡിഡി) തുടങ്ങി. തുടർച്ചയായ രണ്ടാം സീസണിലും മൈ11സർക്കിളാണ് ആരാധകർക്കായുള്ള മത്സരത്തിൻറെ ടൈറ്റിൽ സ്പോൺസർ.

ജിയോഹോട്ട്സ്റ്റാറിൽ ടാറ്റ ഐപിഎൽ മത്സരങ്ങൾ കാണുമ്പോൾ തന്നെ തത്സമയം കാഴ്ചക്കാർക്ക് പ്രവചന അടിസ്ഥാനത്തിൽ എളുപ്പത്തിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള സൗജന്യ വേദിയാണ് ജീത്തോ ധൻ ധനാ ധൻ എന്ന് ജിയോസ്റ്റാർ സ്പോർട്സ് വക്താവ് പറഞ്ഞു..ആകർഷകമായ സമ്മാനങ്ങളും ബ്രാൻഡ് കൂപ്പണുകളും നേടാനുള്ള അവസരമാണ് വിജയികൾക്ക് ലഭിക്കുക.2025 ടാറ്റ ഐപിഎൽ മത്സരത്തിൻറെ ആദ്യ വാരാന്ത്യത്തിലും ഫൈനലിലും ജീത്തോ ധൻ ധനാ ധൻ മത്സരത്തിൽ പങ്കെടുക്കുന്ന




വർക്ക് ആകർഷകമായ എസ്യുവികളാണ് ജിയോസ്റ്റാർ സമ്മാനമായി നൽകുക. 18ാം സീസണിലെ ഓരോ മത്സരത്തിലും ഏറ്റവും ശരിയായ ഉത്തരങ്ങൾ നൽകുന്ന കാണികൾക്ക് സ്മാർട്ട് ടിവികൾ, റഫ്രിജറേറ്ററുകൾ, വാഷിങ് മെഷീനുകൾ, മൈക്രോവേവ് ഓവനുകൾ എന്നിവയുൾപ്പെടെ നൂറ് സമ്മാനങ്ങളും നൽകും.കളി കാണുമ്പോൾ തന്നെ ഫോൺ പോർട്രെയിറ്റ് മോഡിൽ പിടിച്ച് ആപ്പിലെ ജീത്തോ ടാബിൽ പോയി ഓരോ ഓവറിനും മുമ്പായി പ്രത്യക്ഷപ്പെടുന്ന ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. ഇതിനായി നാല് ഓപ്ഷനുകളും ഉണ്ടാവും. സ്റ്റാർ സ്പോർട്സ് ലൈവ് മത്സരങ്ങൾക്കിടയിൽ ക്യൂആർ കോഡ് വഴി മുൻകാലത്തൊന്നും ഇല്ലാത്ത രീതിയിലുള്ള അനുഭവങ്ങളും ഏറ്റവും ഉയർന്ന ഏംഗേജ്മെൻറും ആസ്വദിക്കാം.ക്രിക്കറ്റിനെ കുറിച്ചുള്ള അറിവ്, അവർ കാണുന്ന പ്ലാറ്റ്ഫോം എന്നിവ പരിഗണിക്കാതെ എല്ലാവരും ഐപിഎൽ ആവേശത്തിൻറെ ഭാഗമാണെന്ന് ഉറപ്പാക്കാനാണ് ജീത്തോ ധൻ ധനാ ധൻ വഴി ആഗ്രഹിക്കുന്നതെന്ന് ജിയോസ്റ്റാർ സ്പോർട്സ് വക്താവ് പറഞ്ഞു.

# കപ്പയിൽ നിന്ന് ബയോ പോളിമർ; ഉയരങ്ങൾ കീഴടക്കി ബയോ ആര്യവേദിക് നാച്വറൽസ്

**കൊച്ചി:** കപ്പയിലെ പശയിൽ നിന്ന് വേർതിരിച്ച് നിർമ്മിച്ച പശ ഉപയോഗിച്ച് നിർമ്മിച്ച ബയോ പോളിമർ ഉത്പന്നങ്ങളുമായി ഉയരങ്ങൾ കീഴടക്കുകയാണ് ബയോ ആര്യവേദിക് നാചറൽസ് എന്ന മലയാളി സ്റ്റാർട്ടപ്പ്. പരമ്പരാഗതമായി തുടർന്ന വരുന്ന സ്റ്റാർച്ചിംഗ് രീതികളിൽ വ്യത്യസ്തമായി തുണികൾ ഇസ്തിരിയിടുന്ന സമയത്ത് സ്പ്രേ ചെയ്ത് ഉപയോഗിക്കാവുന്ന വിധത്തിൽ നിർമ്മിച്ചെടുത്ത ഉൽപ്പന്നമാണ് ബയോ ആര്യവേദിക് നാച്യുറൽസിൻറ ആൽബൈഡോൺഫാബ്രിക് സ്റ്റീഫ്നെർ സ്പ്രെ. സ്റ്റാർച്ചിംഗ് കൂടാതെ തുണികൾക്ക് തിളക്കവും ഈടും കൂടുന്നതിനോടൊപ്പം രോഗാണുമുക്തമാകുകയും ചെയ്യുന്നു. കൂടാതെ ഈ ബയോ പോളിമെർ വസ്ത്രങ്ങളുടെ നൂലിഴകളിൽ ഒരു കവചം തീർക്കുകയും പൊടിപടലങ്ങളിൽ നിന്നും അണുക്കളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു.

രാസപദാർഥങ്ങൾ ഉപയോഗിക്കാതെ പൂർണമായും ജൈവ രീതിയിൽ ഇത് വേർതിരിച്ചെടുക്കാനായതാണ് നിർണായകമായതെന്ന് ് സ്റ്റാർട്ടപ്പ് സ്ഥാപകരായ വിനീത എകെയും അരുൺ ഭാസ്കറും പറഞ്ഞു. വസ്ത്രനിർമ്മാണ ശാലകളിലെ സ്റ്റാർച്ചിംഗ് പ്രക്രിയയിലുള്ള കെമിക്കൽസിന്റെ ഉപയോഗം കുറച്ച് പരിസ്ഥിതിയെ സംരക്ഷിക്കുന്നു. ഇതിലെ സവിശേഷമായി വികസിപ്പിച്ചെടുത്ത ഫോട്ടോ കാറ്റലിറ്റിക് ആക്ടിവിറ്റി ഹരിതഗൃഹവാതകങ്ങളെ ആഗിരണം ചെയ്ത് ഓക്സിജൻ ആയി മാറ്റി ചുറ്റുമുള്ള വായു ശുദ്ധീകരിക്കുന്നു. ഈ സ്പ്രേ പൂർണമായും ജൈവമായതിനാൽ വായു, ജലം, മണ്ണ് എന്നിവ മലിനമാകാതെ സംരക്ഷിക്കപ്പെടുന്നു.




കേന്ദ്രസർക്കാരിന്റെ ടെക്സ്റ്റൈൽ ടെസ്റ്റിംഗ് ലാബിലാണ് ആൽബെഡോണിൻറെ പരിശോധനകൾ പൂർത്തിയാക്കിയത്. ക്ലിനിക്കൽ പരിശോധനകൾ തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലും നടത്തി.

ആൽബെഡോൺ 3 ഇൻ വൺ ഫാബ്രിക് സ്റ്റീഫനർ സ്പ്രേ എന്ന പേരിൽ ആമസോൺ വഴി ഇന്ത്യയ്ക്ക് പുറമെ അമേരിക്കയിലും ഈ ഉത്പന്നം ബയോ ആര്യവേദിക് നാചറൽസ് പുറത്തിറക്കിയിട്ടുണ്ട്. മികച്ച പ്രതികരണമാണ് വിപണിയിൽ നിന്ന് ലഭിക്കുന്നതെന്ന് അരുൺ ഭാസ്കർ പറഞ്ഞു. ശൈശവദശയിലും ഉത്പന്ന വികസന ഘട്ടത്തിലും കെഎസ് യുഎം നൽകിയ സഹകരണം ഏറെ പ്രചോദകമായിരുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിശാഖപട്ടണം ഐഐഎമ്മിൻറെ നാരീപ്രണർ പരിപാടിയിൽ ആദ്യ അഞ്ച് സ്റ്റാർട്ടപ്പുകളിലൊന്നായി തെരഞ്ഞെടുക്കപ്പെട്ടതോടെ ബയോ ആര്യവേദിക് നാചറൽസ് ദേശീയ ശ്രദ്ധയാകർഷിച്ചത്. രാജ്യത്തെ 24 സംസ്ഥാനങ്ങളിൽ നിന്നുള്ള 155 സ്റ്റാർട്ടപ്പുകളുമായി മത്സരിച്ചാണ് ഈ നേട്ടം ബയോ ആര്യവേദിക് നാചറൽസ് കൈവരിച്ചത്.

എൻബിസിസി ഇന്ത്യയുടെ അംഗീകാരത്തിനൊപ്പം ഐഐടി മദ്രാസിൻറെ തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളിലൊന്നായി ഭാരത് ടെക്സ് 2025 ഗ്ലോബൽ ടെക്സറ്റൈൽ ഇവൻറിൻറെ ഭാരത് മണ്ഡപത്തിൻറെ വേദിയിൽ ആശയം അവതരിപ്പിക്കാനുള്ള അവസരവും ഇവർക്ക് ലഭിച്ചു.

# എസ്ഡബ്ല്യൂപി പ്ലാനിൽ ആയിരം ഇടപാടുകാരെ പിന്നിട്ട് ഇകാന

**കൊച്ചി:** ക്രിപ്റ്റോ കറൻസി നിക്ഷേപ രംഗത്ത് ഇന്ത്യയിലും ജിസിസി രാജ്യങ്ങളിലും വളർച്ച നേടിയതിനു പിന്നാലെ യുറോപ്പിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ച ഇകാന ഇന്ത്യയിൽ ഇതാദ്യമായി സിസ്റ്റമാറ്റിക് വിത്ത്ഡ്രോവൽ പ്ലാൻ അവതരിപ്പിച്ച് ആയിരം കസ്റ്റമേഴ്സ് എന്ന ലക്ഷ്യം പിന്നിട്ടുവെന്ന് ഇകാന കോയിൻ ഡിജിറ്റൽ അസറ്റ് ആൻഡ് വെൽത്ത് മാനേജ്മെന്റ് സിഇഒ അഭീഷ് കൃഷ്ണൻ അറിയിച്ചു. ഇതിന്റെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി കൂടുതൽ പേരിലേയ്ക്ക് എസ്ഡബ്ല്യുപി എത്തിക്കുന്നതിനു ലക്ഷ്യമിട്ടുള്ള ബോധവൽക്കരണ പരിപാടിയും നടന്നു.ക്രിപ്റ്റോ രംഗത്ത് എസ്ഡബ്ല്യുപി എസ്ഡബ്ല്യുപി സ്കീം അവതരിപ്പിച്ചതിലൂടെ ഈ മേഖലയിലെ നിക്ഷേപക നഷ്ടസാധ്യതകൾ തീർത്തും ഇല്ലാതാക്കുകയാണ് ഇകാന ചെയ്തരിക്കുന്നതെന്നും അഭീഷ് കൃഷ്ണൻ പറഞ്ഞു. ചടങ്ങിൽ ഇകാന സിഎഫ്ഒ വൈശാഖ് ടി രാജൻ, ബോർഡംഗങ്ങളായ സ്റ്റീഫൻ, ജെറാഡ് ഫ്രാങ്ക്ളിൻ, സ്റ്റീവ് ഇവാനോ, മാർക്കറ്റിംഗ് കോർഡിനേറ്റർമാരായ വരുൺ വാസൻ, ഹരിത കുറുപ്പ്, ടീം മെന്റേർസായ രാജീവ് ആർ, ജോസഫ് ആന്റണി, ലിജിൻ മാത്യു തുടങ്ങിയവർ പങ്കെടുത്തു.


# നിവ ബൂപ ആരോഗ്യ ഇൻഷുറൻസ് പ്ലാൻ അവതരിപ്പിക്കുന്നു

**കൊച്ചി:** നിവ ബുപ ഹെൽത്ത് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഇന്ത്യയിലെ ' മദ്ധ്യവർഗ്ഗ' വിഭാഗത്തിന് ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണം കൂടുതൽ പ്രാപ്യമാക്കുന്നതാക്കുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ 'റൈസ്' അവതരിപ്പിച്ചു. മൂല്യവും വഴക്കവും പ്രദാനം ചെയ്യുന്ന, വ്യവസായത്തിലാദ്യമായി അവതരിപ്പിക്കപ്പെടുന്ന നിരവധി സവിശേഷതകളോടെ, ആരോഗ്യ ഇൻഷുറൻസിലെ താങ്ങൽശേഷിയും പ്രാപ്യതയും പുനർനിർവചിക്കാൻ റൈസ് സജ്ജമായിരിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# സാംസങ് ഗ്യാലക്സി എ26 5ജി ഇന്ത്യയിൽ

**കൊച്ചി:** രാജ്യത്തെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, തങ്ങളുടെ ഗ്യാലക്സി എ26 5ജി മോഡൽ ലോഞ്ച് ചെയ്തതിലൂടെ എഐ സാധാരണക്കാരിലേക്കും എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഗ്യാലക്സി എ26 5ജിയിൽ സാംസങ് ഓസം ഇന്റലിജൻസ് അവതരിപ്പിച്ചിരിക്കുന്നു. ഇതിലൂടെ ദൈനംദിന പ്രവൃത്തികൾ സ്മാർട്ടും എളുപ്പവുമാകുന്നു. ഗൂഗിളിനൊപ്പമുള്ള സർക്കിൾ ടു സെർച്ച്, എഐ സെലക്ട്, ഒബ്ജക്ട് ഇറേസർ, മൈ ഫിൽറ്റേഴ്സ് തുടങ്ങിയ ഫീച്ചറുകളിലൂടെ മികച്ച ഉപഭോക്തൃ അനുഭവം തന്നെ ഇന്റലിജന്റ് എഐ സ്യൂട്ട് ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്നു.



പ്രീമിയം ഗ്ലാസ് ബാക്ക് ഡിസൈനിൽ പീച്ച്, മിന്റ്, വൈറ്റ്, ബ്ലാക്ക് നിറങ്ങളിലാണ് ഗ്യാലക്സി എ26 5ജി ലഭ്യമാവുക. 6.7 ഇഞ്ച് സൂപ്പർ അമോൾഡ് ഡിസ്പ്ലേയും 120ഖ റീഫ്രഷ് റേറ്റുമാണ് ഗ്യാലക്സി എ26 5ജിയ്ക്കുള്ളത്. 7.7 വണ്ണമാണ് ഈ മോഡലിനുള്ളത്. എക്സിനോസ് 1380 പ്രൊസസറാണ് ഗ്യാലക്സി എ26 5ജിയ്ക്ക് കരുത്ത് പകരുന്നത്. മൾട്ടി ടാസ്കിംഗ്, ഗെയ്മിംഗ് തുടങ്ങിയവ ഇത് അനായാസമാക്കുന്നു. 25ണ ഫാസ്റ്റ് ചാർജിംഗോടു കൂടിയ 5000 എഎച്ച് ബാറ്ററിയാണ് ഗ്യാലക്സി എ26 5ജിയിലുള്ളത്. ഫ് ളാഗ്ഷിപ്പ് 50എംപി ക്യാമറ ഫോട്ടോഗ്രഫി മികച്ചതാക്കുന്നു. 8 എംപി അൾട്ര വൈഡ് ക്യാമറ, 2 എംപി മാക്രോ ക്യാമറ എന്നിവ യഥാക്രമം വൈഡ്, ക്ലോസ് അപ്പ് ഷോട്ടുകളെ മനോഹരമാക്കുന്നു. 13 എംപി ഫ്രണ്ട് ക്യാമറ മികച്ച ക്വാളിറ്റി സെൽഫികളും ഉറപ്പുനൽകുന്നു. കോർണിംഗ് ഗൊറില്ല വിക്ടസ് പ്ലസ് വീഴ്ചകളിൽ നിന്നും സ്ക്രാച്ചുകളിൽ നിന്നും സ്ക്രീനിനെ സംരക്ഷിക്കുന്നു. ഐപി 67 ഈർപ്പത്തിൽ നിന്നും പൊടികളിൽ നിന്നും സുരക്ഷ നൽകുന്നു. 6 വർഷത്തെ ഒഎസ് അപ്ഗ്രേഡുകളും 6 വർഷ സെക്യൂരിറ്റി അപ്ഡേറ്റുകളും ഗ്യാലക്സി എ26 5ജിയിൽ ഉപഭോക്താക്കൾക്ക് ലഭിക്കും. 22,999 രൂപയാണ് ഗ്യാലക്സി എ26 5ജിയുടെ പ്രാരംഭ വില.

സാംസങ്.കോം, സാംസങ് എക്സ്ക്ലൂസീവ് സ്റ്റോറുകൾ, മുൻനിര ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, റീട്ടെയിൽ ഷോറൂമുകൾ എന്നിവിടങ്ങളിൽ നിന്നും ഗ്യാലക്സി എ26 5ജി ഇപ്പോൾ സ്വന്തമാക്കാം. 8 ജിബി റാം, 128 ജിബി, 256 ജിബി സ്റ്റോറേജ് ഓപ്ഷനുകളാണ് ഈ മോഡലിനുള്ളത്. മൈക്രോ എസ്ഡി വഴി 2 ടിബി വരെ എക്സ്പാൻഡ് ചെയ്യുവാനുമാകുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

